(ബി) മരണപ്പെട്ട ശാരി എസ്. നായരുടെ ശരീരത്തിൽ വൻതോതിൽ ചെമ്പിന്റെ അംശം കണ്ടതിനെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ചെമ്പിന്റെ അംശം ശരീരത്തിൽ പ്രവേശിക്കാനുണ്ടായ കാരണം വെളിപ്പെടുത്തുമോ;

(സി) ശാരി എസ്. നായർ മരണപ്പെടാനുണ്ടായ കാരണങ്ങൾ എന്താണെന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അന്വേഷണം നടത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് കുമരകം പി. എസ്. ക്രൈം 188/04 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും തുടർന്ന് ടി കേസ് എറണാകുളം റേഞ്ച് ഡി.ഐ.ജി.യുടെ മേൽനോട്ടത്തിൽ അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് കേസ് സി.ബി.ഐ. ഏറ്റെടുത്തിട്ടുണ്ട്.

(ബി) രാസപരിശോധനാ ഫലത്തിൽ ശാരി എസ്. നായരുടെ ശരീരത്തിൽ ചെമ്പിന്റെ അംശം ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഡോക്ടർമാരുടെ മൊഴിയിൽ ഇതിനു കാരണം മാനസിക സമ്മർദ്ദമാണ് എന്ന് അറിവായിട്ടുണ്ട്.

(സി) സെപ്റ്റിസീമിയ കാരണം മരണപ്പെട്ടു എന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നത്.

ത്രിതല പഞ്ചായത്തുകളിൽ കമ്പ്യൂട്ടർവൽക്കരണം

88 [863] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
,, കെ. എ. ചന്ദ്രൻ :
,, ഡി. സുഗതൻ :
ശ്രീമതി രാധാരാഘവൻ :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്തുകളിൽ കമ്പ്യൂട്ടർവൽക്കരണം നടത്തുവാനുള്ള പദ്ധതി ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി എന്നാരംഭിച്ചുവെന്നും എന്നേക്ക് പൂർത്തിയാകുമെന്നും വെളിപ്പെടുത്താമോ ;

(സി) ഇതുവരെ പ്രസ്തുത പദ്ധതിയ്ക്കുവേണ്ടി എത്ര തുക ചെലവായി ;

(ഡി) പ്രസ്തുത പദ്ധതിക്ക് പ്രതീക്ഷിച്ച ചെലവെത്രയെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത പദ്ധതിയുടെ എത്ര ശതമാനം പൂർത്തിയാക്കിയെന്ന് വെളിപ്പെടുത്താമോ ?

2/2309/12/DTP.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ത്രിതല പഞ്ചായത്തുകളിൽ കമ്പ്യൂട്ടർവൽക്കരണം നടത്തുന്നതിലേക്കായി കെ.എസ്.ഐ.ഡി.സി.യെ ബിഡ് മാനേജരായി സർക്കാർ തീരുമാനിക്കുകയും തുടർന്ന് കെ.എസ്.ഐ.ഡി.സി. ആഗോള ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

ത്രിതല പഞ്ചായത്തുകളിൽ കമ്പ്യൂട്ടർവൽക്കരണം നടത്തുന്ന പദ്ധതിയിൽ താഴെപ്പറയുന്ന ഘടകങ്ങളാണുള്ളത്:

(i) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭൗതിക സൗകര്യങ്ങൾ ഒരുക്കൽ (site preparation).

(ii) സോഫ്റ്റ്വെയർ വികസിപ്പിക്കുകയും, സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിനാവശ്യമായ പരിശീലന സാമഗ്രികളും, സോഫ്റ്റ്വെയറിന്റെ അറ്റകുറ്റ പണികൾക്കാവശ്യമായ മാനുവലുകളും തയ്യാറാക്കുക.

(iii) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആവശ്യമായ ഹാർഡ്വെയർ സ്ഥാപിച്ച് വേണ്ട അറ്റകുറ്റപ്പണികൾ ചെയ്യുക.

(iv) കമ്പ്യൂട്ടർവൽക്കരണത്തിനാവശ്യമായ പരിശീലനം, ഡാറ്റാ എൻട്രി, ആപ്ലിക്കേഷനുകൾ വിന്യസിക്കൽ, ആപ്ലിക്കേഷനുകളുടെ അറ്റകുറ്റപ്പണികൾ, ആപ്ലിക്കേഷനുകളുടെ നടത്തിപ്പിനുള്ള ഹാൻസ്ഹോൾഡിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

(v) ഡയൽ അപ്പ് ടെലിഫോൺ ലൈനുകൾ മുഖാന്തിരം ശൃംഖല പ്രവർത്തനക്ഷമമാക്കുക.

മുകളിൽ പറഞ്ഞ (i), (v) എന്നീ പ്രവർത്തനങ്ങൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടാണ് നടത്തേണ്ടത്. 329 ഗ്രാമ പഞ്ചായത്തുകളിൽ പൂർണ്ണമായും 488 ഗ്രാമ പഞ്ചായത്തുകളിൽ ഭാഗികമായും ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. രണ്ടാമതായിട്ടുള്ളത് ഐ.കെ.എം.-ന്റെ ഉത്തരവാദിത്തത്തിലുള്ളതാണ്. 12 ആപ്ലിക്കേഷൻ സൂട്ടുകളിലായി 100 പതിപ്പുകൾ ഐ.കെ.എം. വികസിപ്പിച്ചിട്ടുണ്ട്. പരിശീലന സാമഗ്രികളും, മാനുവലുകളും തയ്യാറാക്കിയിട്ടുണ്ട്. മൂന്നും നാലും പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ശേഷിയുള്ള ഏജൻസികളെ കണ്ടെത്തുന്നതിന് കെ.എസ്.ഐ.ഡി.സി.യെ ബിഡ് മാനേജരായി നിശ്ചയിച്ച് ടെണ്ടർ വിജ്ഞാപനം നടത്തിയിട്ടുണ്ട്. ബി.ടി.എം. വ്യവസ്ഥയിലാണ് ഇത് നടപ്പാക്കുക. കൂടാതെ 6 പഞ്ചായത്തുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 140 ഗ്രാമ പഞ്ചായത്തുകളിൽ മുൻകാല വിവരങ്ങൾ ഇലക്ട്രോണിക് രൂപത്തിലാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ബ്ലോക്ക് പഞ്ചായത്തുകളിൽ ലഭ്യമായിട്ടുള്ള കമ്പ്യൂട്ടറുകൾ ഉപയോഗിച്ച് പദ്ധതി മോണിട്ടറിംഗിനുള്ള സംവിധാനവും തയ്യാറായിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 12-8-1999 ന് ആരംഭിച്ചു. 31-3-2006 ന് പദ്ധതി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

(സി) 31-12-2004 വരെ 13.18 കോടി രൂപ ചെലവായി.

(ഡി) 205 കോടി രൂപ.

(ഇ) ഒന്നാംഘട്ട സംസ്ഥാനതല വിന്യാസത്തിന് മുന്നോടിയായിട്ടുള്ള പ്രവർത്തനങ്ങൾ 100% പൂർത്തിയായി.

പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും വാർഡ് വിഭജനം

89 [864] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും വാർഡ് വിഭജനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനം എപ്പോൾ തുടങ്ങുമെന്ന് വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(സി) ബാധകമല്ല.

പഞ്ചായത്തുകൾ പുനർവിഭജനം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ

90 [865] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോർപ്പറേഷനുകളോടും മുനിസിപ്പാലിറ്റികളോടും ചേർത്തിരുന്ന പഞ്ചായത്തുകൾ പ്രസ്തുത കോർപ്പറേഷനുകളിൽ നിന്നും വേർപെടുത്തി പുനഃസ്ഥാപിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത തീരുമാനം കൈക്കൊള്ളുന്നതിന് ഗവൺമെന്റ് സ്വീകരിച്ച മാനദണ്ഡം വെളിപ്പെടുത്താമോ ;

(ഡി) ഇതിന്റെ ഫലമായി സംസ്ഥാനത്ത് പുതുതായി എത്ര പഞ്ചായത്തുകൾ നിലവിൽ വരും ; അവ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly